"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ കാഞ്ഞിരക്കോട് സെന്റ് മാർഗരറ്റ്സ് ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ആൻസി.പി ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.36964ന്റെ 8.11.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2561/2024/GEDN തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-

1. ശ്രീമതി.ആൻസി പി.യുടെ 12.10.2023 ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി4)
2. ശ്രീമതി.ആൻസി.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.36964ന്റെ 8.11.2023-ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.01.2024 ലെ DEOKLM/2023/2023-B3 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.01.2024 ലെ ഇ.റ്റി1/22417/2023/ഡിജിഇ നമ്പർ കത്ത്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22.01.2024 ലെ ഡിഡിഇ/ബി3/4996/23 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കാഞ്ഞിരക്കോട് സെന്റ് മാർഗരറ്റ്സ് ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ആൻസി.പി ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.36964ന്റെ 8.11.2023-ലെ വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് പി4 റിവിഷൻ ഹർജി ഹർജിക്കാരിയെ നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 24.1.2024-ൽ നേരിൽ കേട്ടു.

2) ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു.

"ഹർജിക്കാരിയായ ശ്രീമതി.ആൻസി പി.യെ കൊല്ലം കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിൽപ്പെടുന്ന വിവിധ സ്കൂളുകളിൽ ഹ്രസ്വകാല അവധി ഒഴിവുകളിൽ നിയമിക്കുകയും പ്രസ്തുത നിയമനങ്ങൾ ശമ്പള സ്കെയിലിൽ

അംഗീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഹർജിക്കാരിയെ 1.6.2010 മുതൽ അധികമായി അനുവദനീയമായ എച്ച്.എസ്.എ (ഗണിതം) തസ്തികയിൽ നിയമിച്ചു. നിയമനാംഗീകാരത്തിനുള്ള ശുപാർശ കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും തീരുമാനമുണ്ടായില്ല. അപ്രകാരം 01.06.2010 മുതൽ അധിക തസ്തികയിൽ നിയമനാംഗീകാരമില്ലാതെ തുടരവെ 01.06.2011 പ്രാബല്യത്തിൽ നിലവിൽ വന്ന അദ്ധ്യാപക പാക്കേജ് പ്രകാരം (1.10.2011-ലെ ജി.ഒ (പി) 199/2011/പൊ.വി.വ നമ്പർ ഉത്തരവ്) ഹർജിക്കാരിയുടെ എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ നിയമനം 01.06.2011 പ്രാബല്യത്തിൽ അംഗീകരിച്ചു. ആയതിനാൽ ഹർജിക്കാരിയുടെ 01.06.2010 മുതൽ 31.5.2011 വരെയുള്ള സേവന കാലയളവാണ് അംഗീകരിക്കപ്പെടേണ്ടത്.

ഹർജിക്കാരി ചട്ടം 5 1 എ അവകാശിയാണ്. ചട്ടം 51എ അവകാശിയെ തുടർന്നുണ്ടാകുന്ന ഒഴിവുകളിൽ പുനർ നിയമനത്തിനുള്ള മുൻഗണനാവകാശം ചട്ടപ്രകാരം നൽകേണ്ടതുമാണ്. ആയതിനാൽ ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുക്കാതെ തന്നെ ഹർജിക്കാരിയുടെ 01.06.2010 മുതലുള്ള എച്ച്.എസ്.എ (ഗണിതം) തസ്തികയിലെ നിയമനം 01.06.2010 മുതൽ തസ്തിക നിലവിൽ വന്ന സാഹചര്യത്തിൽ ചട്ടം 5 1 എ അവകാശി എന്ന നിലയിൽ അംഗീകരിച്ച് നിയമാനുസൃതം ഉത്തരവാകേണ്ടതാണ്. ഹർജിക്കാരി ചട്ടം 5 1 എ അവകാശിയായതിനാലും 12/1/2010-ലെ ജി.ഒ (പി )10/2010 പ്രകാരം നിയമന നിരോധനം പിൻവലിച്ചതിനാലും 01.06.2010 മുതൽ തസ്തിക നിലവിൽ വന്നതിനാലും ചട്ടം 51എ അവകാശികൾക്ക് സംരക്ഷിതാദ്ധ്യാപകരെക്കാൾ മുൻഗണന ലഭ്യമായതിനാലും ഹർജിക്കാരിയുടെ 01.06.2010 മുതൽ 31.05.2011 വരെയുള്ള സേവന കാലയളവ് അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർക്കും നൽകി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു."

3 ) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ കൊല്ലം, ജില്ല വിദ്യാഭ്യാസ ഓഫീസർ, കൊല്ലം എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പടപ്പക്കര സെന്റ് ജോസഫ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായ ശ്രീമതി.ബിന്ദു ജേക്കബിന്റെ സ്ഥലം മാറ്റ ഒഴിവിൽ നിയമിതയായ ശ്രീമതി.ആൻസി.പി യുടെ 01.06.2010 മുതലുള്ള നിയമനം ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ടിയാരിയുടെ നിയമനം നിയമന തീയതി മുതൽ അംഗീകരിച്ചു കിട്ടുന്നതിന് വേണ്ടിയാണ് എക്സിബിറ്റ് പി4 ഹർജി സമർപ്പിച്ചിട്ടുള്ളത്.

സംരക്ഷിതാദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നതുവരെ ടി സ്കൂളിലെ നിയമനങ്ങൾ പെൻഡിംഗ് വെക്കുന്നതിനു നിർദ്ദേശം ഉണ്ടായിരുന്നതിനാലും സ.ഉ (പി) നം.10/10/പൊ.വി.വ തീയതി 12.01.2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലാത്തതിനാലും ടിയാരിയുടെ നിയമനം കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. പിന്നീട് 01.10.2011-ലെ സ.ഉ (അ) നം.199/11/പൊ.വി.വ ഉത്തരവ് പ്രകാരം അദ്ധ്യാപക പാക്കേജ് നിലവിൽ വന്നപ്പോൾ ടിയാരിയെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം 01.06.2011 മുതൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

ശ്രീമതി.ബിന്ദു ജേക്കബിന്റെ സ്ഥലം മാറ്റം 01.06.2010 പ്രാബല്യത്തിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്. അതിനാൽ 01.06.2010 മുതൽ 31.05.2011 വരെയുള്ള കാലയളവിൽ നിലനിൽക്കുവാൻ ശ്രീമതി.ആൻസി.പി യ്ക്ക് തസ്തിക ലഭ്യമാണ്. ടി സാഹചര്യത്തിൽ ശ്രീമതി.ആൻസി.പി യുടെ എക്സിബിറ്റ് പി4 ഹർജിയിലെ ആവശ്യം അംഗീകാരത്തിനായി പരിഗണിക്കുവാൻ കഴിയുന്നതാണെന്ന് വിലയിരുത്തുന്നു. സ.ഉ (അ) നം.10/10/പൊ.വി.വ നം ഉത്തരവിലെ വ്യവസ്ഥകൾക്ക് എതിരായി മാനേജർ സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്യുന്നു."

4) സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി.ബിന്ദു ജേക്കബിന്റെ സ്ഥലം മാറ്റ ഒഴിവിൽ നിയമിതയായ ശ്രീമതി.ആൻസി.പിയുടെ 01.06.2010 മുതലുള്ള നിയമനം ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ശ്രീമതി.ബിന്ദു ജേക്കബിന്റെ സ്ഥലംമാറ്റം 01.06.2010 പ്രാബല്യത്തിൽ അംഗീകരിച്ചു നൽകിയിട്ടുള്ളതിനാൽ ശ്രീമതി.ആൻസി പി ക്ക് 01.06.2010 മുതൽ 31.5.2011 വരെ നിലനിൽക്കുവാൻ തസ്തിക ലഭ്യമാണെന്നും, സ.ഉ (പി) 10/10/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥകൾക്ക് എതിരായി മാനേജർ സുപ്രീംകോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ടെന്നും വിദ്യാഭ്യാസ അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5 ) മേൽ സാഹചര്യത്തിൽ കാഞ്ഞിരകോട് സെന്റ് മാർഗരറ്റ്സ് ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ആൻസി പി.യുടെ 01.06.2010 മുതൽ 31.05.2011 വരെയുള്ള സ്ഥലം മാറ്റ ഒഴിവിലെ നിയമനം സ.ഉ (പി) 10/10/പൊ.വി.വ തീയതി 12.01.2010 പ്രകാരം സ്കൂൾ മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണിച്ച് ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയിലെ അന്തിമ വിധിന്യായത്തിന് വിധേയമായി

അംഗീകരിച്ചു നൽകുന്നതിന് കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് പി4 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം ഹർജിക്കാരി ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.36964**ന്റെ **08.11.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, കാത്തോലിക് സ്കൂൾ, ബിഷപ്പ് ഹൗസ്, കൊല്ലം
ശ്രീമതി.ആൻസി പി., എച്ച്.എസ്.ടി (ഗണിതം), സെന്റ് മാർഗററ്റ്സ് ഗേൾസ് ഹൈസ്കൂൾ, കാഞ്ഞിരക്കോട്, കൊല്ലം
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 05-04-2024 11:46:38
സെക്ഷൻ ഓഫീസർ